4. ട്രാക്ടർ, തെങ്ങുകയറ്റ യന്ത്രം, വീഡ് കട്ടർ, പവർ സ്പ്രെയർ, ഡ്രൈയർ, പമ്പ്സെറ്റ്, പവർ ടില്ലർ എന്നീ യന്ത്രോപകരണങ്ങൾ വാടകയ്ക്ക് ഈ സേവന കേന്ദ്രങ്ങളിൽ നൽകുന്നു. ഇവ ന്യായമായ വാടകയ്ക്ക് ലഭ്യമാക്കുകയും കർഷകരുടെ യന്ത്ര സാമഗ്രികൾ റിപ്പയർ ചെയ്ത് കൊടുക്കുകയും ചെയ്യുന്നു.

5. കൃഷിയിലും അനുബന്ധ മേഖലയിലുമുള്ള യുവാക്കൾക്ക് താല്പര്യവും പ്രാഗത്ഭ്യവും ഉറപ്പുവരുത്തി കൃഷിഭവനുകൾ മുഖേന നടപ്പിലാക്കുന്ന പദ്ധതികൾ സംബന്ധിച്ച വിവരങ്ങൾ ആധുനിക വിവരസാങ്കേതിക സംവിധാനങ്ങളിലൂടെ കർഷകരിൽ എത്തിക്കുന്നു.

(ഡി) വിവിധ പദ്ധതികളിലായി കർഷക സേവന കേന്ദ്രങ്ങൾക്ക് 1270 ലക്ഷം രൂപ ഈ വർഷം വകയിരുത്തിയിട്ടുണ്ട്.

നെൽകൃഷി വ്യാപനത്തിനായി കർഷകർക്ക് നൽകുന്ന ധനസഹായം

176 (3461) ശ്രീ. ചിറ്റയം ഗോപകുമാർ : താഴെകാണുന്ന ചോദ്യങ്ങൾക്ക് കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) നെൽകൃഷി വ്യാപനത്തിനായി സർക്കാർ കർഷകർക്ക് നൽകി വന്നിരുന്ന ധനസഹായം പെർമിറ്റ് സിസ്റ്റത്തിലൂടെ ലഭ്യമാക്കിയപ്പോൾ യഥാസമയം ലഭിച്ചിരുന്നത് നിലവിൽ ഇ-പേമെന്റ് നടപ്പാക്കിയതോടെ വിളവെടുപ്പിനുശേഷം മാത്രം ലഭിക്കുന്ന സാഹചര്യം നിലനിൽക്കുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ബി) ഇക്കാരണത്താൽ കൃഷിച്ചെലവ് ആവശ്യമായ അപേക്ഷകർക്ക് ഈ ധനസഹായം ലഭിക്കാത്ത സ്ഥിതിയുണ്ടായിട്ടുള്ളത് പരിഹരിക്കുന്നതിന് നടപടി സ്വീകരിക്കുമോ ;

(സി) നെൽകൃഷി വ്യാപനത്തിനായി കേന്ദ്ര/സംസ്ഥാന സർക്കാരുകളുടെ പദ്ധതികൾ പ്രകാരം പ്രതി ഹെക്ടറിന് എത്ര രൂക കർഷകർക്ക് നൽകിവരുന്നുണ്ട് എന്ന് വിശദമാക്കുമോ ; ആയത് നൽകുന്നതിന് നിലവിലുള്ള മാനദണ്ഡങ്ങൾ എന്തെല്ലാമെന്നും അറിയിക്കുമോ ?

LIBRARY ARCHIVES Kerala Legislative Assembly

LIBRARY ARCHIVES Kerala Legislative Assembly

ഉത്തരം

(എ&ബി) ശ്രദ്ധയിൽപ്പെട്ടിട്ടില്ല. കർഷകർ നെൽകൃഷി നടപ്പിലാക്കുമ്പോൾ ഏതൊക്കെ ഘടകങ്ങളാണ് പൂർത്തീകരിക്കുന്നത്, ആയതിനുള്ള സബ്സിഡി അപ്പപ്പോൾതന്നെ ഇ-പേമെന്റായി നൽകുന്നു. ഉല്പാദന ബോണസിനും പമ്പിംഗ് സബ്സിഡിക്കും മാത്രമേ വിളവെടുപ്പിനുശേഷം നിഷ്കർഷിച്ചിട്ടുള്ളൂ.

(സി) (a) സംസ്ഥാനാവിഷ്കൃത പദ്ധതികൾ

ക്രമ നമ്പർ	സ്കീമിന്റെ പേര്	സബ്സിഡി തുക/ ഹെക്ടറിന് രൂപ
1.	സുസ്ഥിര നെൽകൃഷി വികസനം	1,500.00
2.	തരിശുനില നെൽകൃഷി വികസനം	11,500.00
3.	ഗ്രൂപ്പ് ഫാമിംഗ് സമിതിയുടെ പ്രവർത്തന ചെലവ്	200.00
4.	പ്രത്യേക നെല്ലിനങ്ങളുടെ വികസനം	10,000.00
5.	ഉല്പാദന ബോണസ്	1,000.00

(b) കേന്ദ്രാവിഷ്കൃത പദ്ധതികൾ

ക്രമ നമ്പർ	സ്കീമിന്റെ പേര്	സബ്സിഡി തുക/ ഹെക്ടറിന് രൂപ
1.	സുസ്ഥിര നെൽകൃഷി വികസനം (RKVY)	3,000.00
2.	പൊക്കാളി നെൽകൃഷി വികസനം	10,000.00
3.	തരിശുനില നെൽകൃഷി വികസനം (കുട്ടനാട് പാക്കേജ്)	30,000.00

മാനദണ്ഡങ്ങൾ

നെൽകൃഷി ചെയ്യുന്ന കർഷകർ ഗ്രൂപ്പ് ഫാമിംഗ് സമിതി അംഗങ്ങളായിരിക്കണം. അല്ലെങ്കിൽ സമിതിയിൽ അംഗമാകണം. കർഷകർ ചെറുകിട നാമമാത്ര കർഷകരായിരിക്കണം.

തരിശുനിലം കൃഷി ചെയ്യുന്നത് നെൽകർഷകർ/കർഷക ഗ്രൂപ്പുകൾ/ സ്വാശ്രയ സംഘം, കുടുംബശ്രീ മുതലായവർക്ക് ഏറ്റെടുത്തു ചെയ്യാവുന്നതാണ്.